

## നവംബർ 2025

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

നമ്മുടെ സഭയുടെ അഭിമാനമായ മാർത്തോമ്മാ വൈദീക സെമിനാരി ദൈവകൃപയാൽ വൈദീക പരിശീലനത്തിന്റെ നൂറാം വർഷത്തിലേക്ക് പ്രവേശിക്കുന്നു. ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി 2025 നവംബർ ലക്കം സഭാ താരക *'ശതാബ്ദി നിറവിൽ മാർത്തോമ്മാ വൈദീക സെമിനാരി'* എന്ന വിഷയത്തെ അടിസ്ഥാനമാക്കി പ്രത്യേക പതിപ്പായി പ്രസിദ്ധീകരിക്കുകയാണ്. നാളിതുവരെ സെമിനാരിയെ നയിച്ചവരെ നന്ദിയോടെ ഓർക്കുകയും, അവരുടെ ദീർഘ നിരന്തരമായ സേവനത്തിലൂടെ സെമിനാരി നേടിയ വളർച്ചയ്ക്കും വികസനത്തിനുമായി ദൈവത്തിന് സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുകയും ചെയ്യുന്നു.

എ.ഡി 52-ൽ വിശുദ്ധ തോമസ് അപ്പോസ്തോലനാൽ സ്ഥാപിതമായ മലങ്കര സഭ, അതിന്റെ ദീർഘമായ ചരിത്രയാത്രയിൽ ദൈവാനുഭവങ്ങളുടെയും സാംസ്കാരിക പാരമ്പര്യങ്ങളുടെയും സമന്വയമായ വളർച്ച സാധ്യമാക്കി. മലങ്കര സഭയിലെ വൈദിക വിദ്യാഭ്യാസം ആദ്യം റമ്പാൻ ഭവനങ്ങളിലും മൽപ്പാൻ ഭവനങ്ങളിലുമായിരുന്നു. അത് 'പഠിത്തവീട്' എന്നാണ് അറിയപ്പെട്ടിരുന്നത്. എന്നാൽ പതിനാറാം നൂറ്റാണ്ടിൽ റോമാ സഭയുടെ ഇടപെടലും ആധിപത്യവും പുതിയ ദാർശനിക ചിന്തകളും ദൈവശാസ്ത്ര ഊന്നലുകളും സൃഷ്ടിച്ചു. കൂനൻകുരിശ് സത്യത്തിനു ശേഷം, മലങ്കര സഭ, അതിന്റെ സ്വയംഭരണ സംവിധാനവും വിശ്വാസധാരകളും ഉറപ്പിച്ചു. ബ്രിട്ടീഷ് ഭരണ കാലത്ത് കേരളത്തിലെത്തിയ സി. എം. എസ്. മിഷനറിമാരുടെ സഹകരണത്തോടെ, കേണൽ മൺറോയുടെ കാലഘട്ടത്തിൽ ഗൗരി പാർവതി ഭായിയിൽ നിന്ന് ലഭിച്ച പൂവരാഹൻ (തിരുവിതാംകൂറിൽ പ്രചാരത്തിലിരുന്ന പ്രാചീന നാണയം) ഉപയോഗിച്ച് കോട്ടയത്ത് 'കോട്ടയം കോളേജ്' ആരംഭിച്ചു. മലങ്കരയിലെ മൽപ്പാന്മാരും മിഷനറിമാരും ചേർന്ന് ഇവിടെ ക്രമീകൃതമായ വൈദിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചു. പിന്നീട് കോട്ടയം കോളേജ് മാറിയതോടെ, വൈദിക സെമിനാരി സ്വതന്ത്രമായ പഠനകേന്ദ്രമായി രൂപം കൊണ്ടു. പാലക്കുന്നത്ത് അബ്രഹാം മൽപ്പാനും കൈതയിൽ ഗീവർഗീസ് മൽപ്പാനും അതിലെ പ്രധാന അധ്യാപകരായിരുന്നു. അവർ നവീകരണ ആശയങ്ങൾക്ക് ഊന്നൽ നൽകി, മലങ്കരയിലെ നവീകരണ പ്രസ്ഥാനത്തിന്റെ പ്രാരംഭ കിരണങ്ങൾ തെളിയിച്ചു.

തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായുടെ കാലത്ത്, 'വട്ടിപണ കേസ്' സംബന്ധിച്ച വിഷയത്തിൽ നവീകരണ വിഭാഗത്തിന് സെമിനാരിയിലെ അധികാരം നഷ്ടപ്പെട്ടു. സെമിനാരിയും ഭരണവും നഷ്ടപ്പെട്ടതോടെ തിരുമേനി കോട്ടയത്തുള്ള സീയോൻ കുന്നിൽ ആ രാത്രി വിശ്രമിച്ചു. അന്ന് താമസിച്ചിരുന്ന സ്ഥലമായ സീയോൻകുന്ന് എന്നറിയപ്പെട്ടിരുന്ന സ്ഥലം പിന്നീട് താഴത്തു ചാണ്ടപ്പിള്ള കത്തനാരുടെയും മറ്റും നേതൃത്വത്തിൽ വാങ്ങി. തീത്തോസ് ഒന്നാമൻ മെത്രാപ്പോലീത്തയുടെ കാലഘട്ടത്തിൽ, സെമിനാരി കെട്ടിടത്തിന്റെ അടിസ്ഥാന ശില 1896 മെയ് 5-ന് ആശീർവദിക്കപ്പെട്ടു. എന്നാൽ സെമിനാരിയുടെ പ്രവർത്തനം ആരംഭിക്കാൻ വീണ്ടും കാലതാമസം ഉണ്ടായി. 1896-ൽ മാർത്തോമ്മാ സെമിനാരി സ്കൂൾ ആരംഭിക്കുകയും, 1925-ൽ ഡോ. കെ. കെ. കുരുവിള പ്രധാനാധ്യാപകനായി ചുമതലയേൽക്കുകയും ചെയ്തു. 1926-ൽ, തീത്തൂസ് ദ്വിതീയൻ മാർത്തോമ്മായുടെ പൗരോഹിത്യ രജത ജൂബിലി സ്മാരകമായി മാർത്തോമ്മാ വൈദിക സെമിനാരി സ്ഥാപിതമായി. ആറ് വിദ്യാർത്ഥികളോടു കൂടി സെമിനാരിയുടെ യാത്ര ആരംഭിച്ചു.

1940-കളിൽ ആദ്യ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി. ഡോ. കെ.കെ. കുരുവിള പ്രിൻസിപ്പലായി തുടർന്നു. തുടക്കത്തിൽ ലൈസൻഷ്യേറ്റ് ഇൻ തിയോളജി (L.Th.) കോഴ്സും, 1970-ൽ ബാച്ചിലർ ഇൻ തിയോളജി (B.Th.), 1974-ൽ ബി.ഡി. (Bachelor of Divinity) ബിരുദങ്ങൾ നൽകുന്ന സ്ഥാപനമായി സെമിനാരി വളർന്നു. 1980-ൽ, കണ്ണമൂല സെമിനാരി, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, മാർത്തോമ്മാ തിയോളജിക്കൽ സെമിനാരി എന്നിവ ചേർന്ന് സെന്റ് തോമസ് അപ്പോസ്തോലിക് സെമിനാരിയുടെ സഹകരണത്തോടെ എഫ്. എഫ്. ആർ. ആർ. സി (Federated Faculty for Research in Religion and Culture) സ്ഥാപിച്ചു. ഇതിലൂടെ എം.റ്റി.എച്ച്., ഡി.റ്റി.എച്ച്. തലങ്ങളിൽ സാധ്യത നൽകുന്ന പുതിയ ഘട്ടം ആരംഭിച്ചു. വിവിധ സഭാ പശ്ചാത്തലങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളെ

ഉൾക്കൊണ്ട്, സഭയുടെ ഐക്യദർശനം സെമിനാരി ഉയർത്തുന്നു. ഇപ്പോൾ സെമിനാരിയിൽ 58 വിദ്യാർത്ഥികൾ ബി.ഡി. കോഴ്സിൽ മാത്രം അഭ്യസിക്കുന്നു. പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ആരംഭിച്ച കറുകച്ചാൽ എക്സ്റ്റൻഷൻ ക്യാമ്പസിൽ, ഇപ്പോൾ 21 വിദ്യാർത്ഥികൾ പ്രീ-തിയോളജി കോഴ്സിൽ പഠിക്കുന്നു. രണ്ട് ക്യാമ്പസുകളിലായി ആകെ 9 അധ്യാപകർ പൂർണ്ണസമയ ശുശ്രൂഷ നിർവ്വഹിക്കുന്നു. ഇപ്പോൾ സെമിനാരിയുടെ പ്രിൻസിപ്പാൾ ആയി ശുശ്രൂഷ നിർവ്വഹിക്കുന്നത് ദീർഘകാലം സെമിനാരി അധ്യാപകനായിരുന്ന ഡോ. എം. സി. തോമസ് അച്ചനാണ്. വീൽചെയറിൽ ഇരുന്നുകൊണ്ട് പോലും ദൈവകൃപയുടെ ശക്തിയിൽ അധ്യാപന ശുശ്രൂഷ നിർവ്വഹിക്കുന്ന അച്ചന്റെ നിയമനം സഭയുടെ ഉൾക്കൊള്ളൽ ദർശനത്തിന്റെ പ്രതീകമായി നിലകൊള്ളുന്നു.

'തബ്നീത്' എന്ന എബ്രായ പദം (പുറപ്പാട് 25:9) ആണ് ശതാബ്ദി ചിന്താവിഷയമായി സെമിനാരി തെരഞ്ഞെടുത്തിരിക്കുന്നത്. 'മാതൃക' അഥവാ 'രൂപം' എന്നർത്ഥമുള്ള ഈ പദം, സീനായ് മലയിൽ മോശെയ്ക്ക് ദൈവം നൽകിയ ഫലകത്തിന്റെ പുനരാവിഷ്കാരത്തെയാണ് സൂചിപ്പിക്കുന്നത്. അതുപോലെ, ദൈവദർശനത്തെ ആധാരമാക്കി പുതിയ ആഖ്യാനങ്ങൾ സൃഷ്ടിക്കാൻ സെമിനാരിയെ വിളിച്ചുണർത്തുകയാണ് ഈ വിഷയമെന്നതിൽ സംശയമില്ല. മാർത്തോമ്മാ സെമിനാരി ശതാബ്ദിയിലേക്ക് കടക്കുമ്പോൾ, നവീകരണത്തിന്റെ പുതിയ ആഖ്യാനങ്ങൾ (Manifesting a New Narrative) എന്നതാണ് അതിന്റെ ദൗത്യം. ദൈവവചനത്തിന്റെ വായനയും വ്യാഖ്യാനവും, ആരാധനയിലെ സജീവതയും, ജനകീയ പങ്കാളിത്തവുമൊക്കെയാണ് നവീകരണത്തിന്റെ ആധാരങ്ങൾ. അതിലൂടെ ദൈവജനത്തിന്റെ ആദ്ധ്യാത്മിക വളർച്ചക്കും, സാമൂഹ്യ ശാക്തീകരണത്തിനും, നിരന്തരമായ നവീകരണത്തിനും വഴിയൊരുക്കുന്നു.

ദൈവശാസ്ത്ര പഠനം ജാതി, വർഗ്ഗ, ലിംഗ വ്യത്യാസങ്ങൾ ഇല്ലാതെ എല്ലാ മനുഷ്യരുടെയും വളർച്ചയ്ക്കായി രൂപപ്പെട്ടിരിക്കണം എന്നതാണ് നവീകരണ സഭയുടെ ഊന്നൽ. അതിനായി ശതാബ്ദിയോടനുബന്ധിച്ച് സെമിനാരി സമൂഹോന്മുഖമായ, മനുഷ്യകേന്ദ്രിതമായ പരിശീലന പരിപാടികൾ (Empowerment Programmes) ആരംഭിച്ചിട്ടുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസ സഹായം, യുവാക്കൾക്കുള്ള നേതൃത്വ പരിശീലനം, സാമൂഹ്യപ്രവർത്തനങ്ങൾ തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്. സെമിനാരിയുടെ പ്രവർത്തനങ്ങൾക്ക് പുതിയ കെട്ടിടങ്ങളുടെ നിർമ്മാണവും നിലവിലുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണവും പൂർത്തീകരിക്കപ്പെടേണ്ടത് അത്യാവശ്യമാണ്. ശതാബ്ദിയുടെ ഭാഗമായി സീനായ് സെന്റിനറി ബ്ലോക്ക് എന്ന നാമധേയത്തിൽ ഒരു ഇരുനില കെട്ടിടം നിർമ്മിക്കുന്നതിനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നു. ഭക്ഷണശാല, ഗസ്റ്റ് ഫാമിലി ക്വാർട്ടേഴ്സ് എന്നിവ ഉൾപ്പെടുന്ന ബ്ലോക്കിന്റെ നിർമ്മാണത്തിനായി വലിയ സാമ്പത്തിക ആവശ്യമാണ് മുന്നിലുള്ളത്. ശതാബ്ദി ആഘോഷങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി ഏകദേശം അഞ്ചുകോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കൂടാതെ, സെറാമ്പൂർ സർവകലാശാലയുടെ ബിരുദദാന ചടങ്ങ് അടുത്ത വർഷം സെമിനാരിയിൽ നടത്തുവാൻ ആഗ്രഹിക്കുന്നു. സഭാ വിശ്വാസികളുടെ പ്രാർത്ഥനയും സാമ്പത്തിക സഹകരണവും ലഭിച്ചാൽ മാത്രമേ ഈ ശതാബ്ദി ദർശനങ്ങൾ യാഥാർത്ഥ്യമാകൂ. സെമിനാരി ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനം കോട്ടയം യെരുശലേം മാർത്തോമ്മാ പള്ളിയിൽ വെച്ച് നവംബർ മാസം 24-ാം തീയതി നടത്തപ്പെടുന്നു. ശതാബ്ദി ഉദ്ഘാടനത്തിലും, വിവിധ പ്രവർത്തനങ്ങളിലും ഏവരുടെയും പ്രാർത്ഥനാ പൂർവ്വമായ പങ്കാളിത്തവും സഹായ സഹകരണങ്ങളും നല്കണം.

മാർത്തോമ്മാ, സി. എസ്. ഐ., സി. എൻ. ഐ. സഭകൾ തമ്മിലുള്ള പൂർണ്ണ സംസർഗ്ഗത്തിന്റെ അടയാളമായി രൂപീകരിച്ച Communion of Churches in India (CCI) യുടെ ആഭിമുഖ്യത്തിൽ എല്ലാ നവംബർ മാസവും രണ്ടാം ഞായറാഴ്ച Festival of Unity ആയി ആചരിക്കുകയാണല്ലോ. ഈ വർഷം നവംബർ 9 ഞായറാഴ്ചയാണത്. 'സഭ: ക്രിസ്തുവിൽ ഒരു ശരീരം' എന്നതാണ് ആ ദിവസത്തെ ചിന്താവിഷയം. നമ്മുടെ സമൂഹവും രാഷ്ട്രവും ഇന്ന് നേരിടുന്ന നിരവധിയായ പ്രശ്നങ്ങൾ പരിഹരിക്കുവാൻ വിവിധ സഭകൾ ഒരുമിച്ചു പ്രാർത്ഥിക്കുന്നതും ചർച്ചകളും പഠനങ്ങളും നടത്തുന്നതും അഭികാമ്യമാണ്. സി. എൻ. ഐ. സഭയുടെ മോഡറേറ്റർ ആയി കൽക്കട്ട ഭദ്രാസന ബിഷപ്പ് ആയ റൈറ്റ് റവ. ഡോ. പരിതോഷ് കാനിങ് നിയമിതനായി. മാർത്തോമ്മാ സഭയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു. നവംബർ 29 സി.എൻ.ഐ. സഭയുടെ സ്ഥാപക ദിനം കൂടിയാണ്. ഇന്ത്യയിലെ സമകാലിക സാഹചര്യത്തിൽ ദർശനമുള്ള സഭാ നേതൃത്വങ്ങൾ ഉയർന്നു വന്നേ മതിയാകൂ. ഇന്ത്യൻ സഭകളെ ഓർത്തു നമുക്ക് തുടർന്നും പ്രാർത്ഥിക്കാം.

ഗാസയിലെ സമാധാന ശ്രമങ്ങൾ ഒരു പരിധിവരെ വിജയിച്ചു എന്നതിൽ സന്തോഷം. രണ്ടുവർഷം നീണ്ട രക്തച്ചൊരിച്ചിലിന് അന്ത്യം കുറിച്ച് ഗാസയിൽ വെടിനിർത്തൽ നിലവിൽവന്നു. സമാധാന സ്ഥാപനം ലക്ഷ്യമിട്ട് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് മുന്നോട്ടുവെച്ച ഇരുപതിന ഗാസാപദ്ധതിയുടെ ആദ്യഘട്ടം ഇസ്രയേൽ സർക്കാർ അംഗീകരിച്ചതിനു പിന്നാലെയാണിത്. ഗാസയിലെ സാഹചര്യം അതിഭീകരമായി തുടരുന്ന സാഹചര്യത്തിലാണ് ഈ കരാർ നിലവിൽ വരുന്നത്. എത്ര പരിമിതമെങ്കിലും സമാധാനത്തിലേക്കുള്ള ഒരു നീണ്ട യാത്രയുടെ ഭാഗമായ ഈ കരാർ സ്വാഗതം ചെയ്യപ്പെടേണ്ടതാണ്. എന്നാൽ യുദ്ധത്തിന്റെ അനന്തര ഫലങ്ങൾ ഏറെ ദുഃഖകരമാണ്. ജനസംഖ്യയുടെ 90 ശതമാനം കുടിയിറക്കപ്പെട്ടു. 92 ശതമാനം റെസിഡൻഷ്യൽ കെട്ടിടങ്ങളും എല്ലാ സർവകലാശാലകളും ഉൾപ്പെടെ 90 ശതമാനം സ്കൂളുകളും നശിപ്പിക്കപ്പെട്ടു. ഏതാണ്ട് 70, 000-ൽ പരം ആളുകളാണ് ഇസ്രയേലിലും പാലസ്തീനിലുമായി കൊല്ലപ്പെട്ടത്. ഇതിൽ ഏറെയും സ്ത്രീകളും കുട്ടികളും. വെടിനിർത്തൽ പ്രഖ്യാപിച്ചു എങ്കിലും സമാധാന

സാഹചര്യം അവിടെ ഉടലെടുക്കുവാൻ ഇനിയും എത്രയോ നാളുകൾ വേണ്ടിവരും. യുദ്ധം ഒന്നിനു മൊരു പരിഹാരമല്ല എന്ന സത്യം ഏവരും തിരിച്ച റിഞ്ഞെങ്കിൽ എന്നാശിക്കുന്നു.

ഈ വർഷത്തെ സമാധാനത്തിനുള്ള നൊബേൽ പുരസ്കാരം വെനസ്വേലയുടെ പ്രതിപക്ഷ നേതാവ് മരിയ കൊറീന മചാഡോയ്ക്ക് ലഭിച്ചു. വെനസ്വേല യിലെ ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങൾക്കും സ്വേച്ഛാധിപത്യത്തിൽ നിന്നു ജനാധിപത്യത്തിലേ ക്കുള്ള അധികാര കൈമാറ്റത്തിനും നേതൃത്വം കൊടുത്ത മചാഡോ ധീരയും പ്രതിബദ്ധതയുമുള്ള ഒരു സമാധാന പോരാളിയാണെന്ന് നോർവീജിയൻ നൊബേൽ കമ്മിറ്റി അഭിപ്രായപ്പെട്ടു. ഭീഷണികളെ യും അറസ്റ്റുകളെയും രാഷ്ട്രീയപരമായ പീഡനങ്ങ ളെയും ധൈര്യപൂർവ്വം അതിജീവിച്ചാണ് പതിറ്റാണ്ടു കളായുള്ള ഏകാധിപത്യ ഭരണകൂടത്തിനെതിരായി പോരാടിയത്. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ ഏകാധിപത്യ ഭരണകൂടങ്ങൾ ഉദിച്ചുയരുമ്പോൾ അങ്ങനെയൊരു വ്യവസ്ഥ നിലനിന്നിരുന്ന രാജ്യം ജനാധിപത്യത്തിലേക്ക് തിരികെ പോകുന്നു എന്നത് ഏറെ പ്രതീക്ഷ പകരുന്നു.

തിരുവനന്തപുരം പട്ടണത്തിൽ പാർക്കുന്ന നമ്മുടെ ഇടവകാംഗങ്ങൾ അഭിമുഖീകരിച്ചിരുന്ന ഒരു പ്രതി സന്ധിയായിരുന്നു സെമിത്തേരിയുടെ അപര്യാപ്തത. എന്നാൽ, ഈ പ്രതിസന്ധിക്ക് പരിഹാരമായി മലങ്കര കത്തോലിക്കാ സഭയുടെ അദ്ധ്യക്ഷൻ അഭിവന്ദ്യ കർ ദ്ദിനാൾ ക്ലീമിസ് കാതോലിക്ക ബാവ, നാലാഞ്ചിറ മാർ ഇവാനിയോസ് ക്യാമ്പസിൽ 11 സെന്റ് സ്ഥലം മാർ ത്തോമ്മാ സഭയ്ക്ക് അനുവദിച്ച് നൽകി. പ്രസ്തുത സ്ഥലത്ത്, ആധുനിക രീതിയിൽ ഒരു പൊതുകല്ലറ സമുച്ചയം, ബഹു എപ്പിസ്കോപ്പൽ സിനഡിന്റെ നിർ ദ്ദേശാനുസരണം പണിത് പൂർത്തീകരിക്കുവാൻ സാ ധിച്ചു. അതിന്റെ പ്രതിഷ്ഠാ ശുശ്രൂഷ സെപ്റ്റംബർ 29 ന് നിർവ്വഹിച്ചു. ബഹുമാനപ്പെട്ട എപ്പിസ്കോപ്പൽ സിനഡ് നിയമിച്ച മാനേജിംഗ് കമ്മിറ്റി നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചു. മാർ ത്തോമ്മാ സഭയുടെ ആവശ്യം മനസ്സിലാക്കി പ്രസ്തുത സ്ഥലം മാർത്തോമ്മാ സഭക്ക് അനുവദിച്ചു നൽകിയ മലങ്കര കത്തോലിക്കാ സഭയുടെ അദ്ധ്യക്ഷൻ അഭി വന്ദ്യ കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനിയോട് സഭയുടെ നന്ദി രേഖപ്പെടുത്തുന്നു. അഭിവന്ദ്യ ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ, ഡോ. ഐസക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പാ എന്നീ തിരുമേനി മാരുടെ നേതൃത്വം അഭിനന്ദനീയമാണ്. ദൈനംദിന നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുഗ്രഹീതമായ നേതൃത്വം നൽകിയ ഡോ. കുഞ്ചെറിയ പി. ഐസക്, ഭദ്രാസന ഭാരവാഹികൾ, മാനേജിങ് കമ്മിറ്റി അംഗ ങ്ങൾ എന്നിവരോടുള്ള നന്ദി അറിയിക്കുന്നു.

ഭാഗ്യസ്മരണീയനായ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ നാമധേയ ത്തിലുള്ള സ്മാരക പ്രഭാഷണം ഒക്ടോബർ മാസം 5-ാം തീയതി ഞായറാഴ്ച രാവിലെ 11 മണിക്ക് എറ ണാകുളം ശാലേം മാർത്തോമ്മാ പള്ളിയിൽ നടത്തി. തിരുമേനിയുടെ ജീവിതത്തിനായും ശുശ്രൂഷ കൾക്കായും ദൈവത്തെ സ്തുതിക്കാം. ബാംഗ്ലൂർ വൈറ്റ് ഫീൽഡിലുള്ള എക്യൂമെനിക്കൽ ക്രിസ്ത്യൻ സെന്ററിന്റെ സ്ഥാപക ഡയറക്ടർ റവ. ഡോ. എം. എ. തോമസ് അച്ചന്റെ പേരിൽ ക്രമീകരിച്ച 32-ാമത് സ്മാരക പ്രഭാഷണം ഇ. സി. സി. യിൽ വെച്ച് സെപ്റ്റംബർ മാസം 20-ാം തീയതി നടത്തപ്പെട്ടു. സുപ്രീം കോടതിയിലെ മുതിർന്ന അഭിഭാഷകൻ ഡോ. ആദിത്യ സോന്ധി മുഖ്യാതിഥി ആയിരുന്നു. Human Rights Advocacy in New India എന്നതായി രുന്നു പ്രധാന ചിന്താവിഷയം. എക്യൂമെനിക്കൽ ക്രിസ്ത്യൻ സെന്ററിന്റെ പുതിയ ടേമിലേക്കുള്ള ഡയറക്ടറായി വെരി റവ. ഡോ. ഷാം പി തോമസ് അച്ചന് ECC ഭരണസമിതി തുടർനിയമനം നല്കി. സഭയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

മലങ്കര മാർത്തോമ്മാ സുറിയാനി സഭ ഇദംപ്രഥമായി സംഘടിപ്പിച്ച അവാർഡ്ദാന സന്ധ്യ, പുരസ്കാർ 2025, ഒരു വേറിട്ട അനുഭവമായി. ക്രിസ്തുവിന്റെ ശരീ രമാകുന്ന സഭ ആരാധനാ സമൂഹം മാത്രമല്ല, സഭാ മക്കളുടെ താലന്തുകൾ തിരിച്ചറിഞ്ഞു പ്രോത്സാ ഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന സമൂഹമാണെന്നുള്ള സന്ദേശമാണ് ഇതിലൂടെ നല്കി യത്. സഭയുടെ മാനവ സേവാ അവാർഡ് ഉൾപ്പെടെ വിവിധ അവാർഡുകൾ തദവസരത്തിൽ സമ്മാനിക്കു കയും കഴിഞ്ഞ വർഷം സജീവ സേവനത്തിൽ നിന്നും വിരമിച്ച പട്ടക്കാരെ ആദരിക്കുകയും ചെയ്തു.

ശങ്കരപുരി ഗ്ലോബൽ ഏക്യുമെനിക്കൽ ഫോറത്തിന്റെ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പൊലിത്താ പുരസ്കാരം മാർത്തോമാ സഭാ അദ്ധ്യക്ഷൻ മെത്രാപ്പൊലിത്തയ്ക്ക് ഒക്ടോബർ 17 ന് ലഭിച്ചു. കോട്ടയം മാർത്തോമ്മാ വൈദീക സെമിനാരിയിൽ നടന്ന സമ്മേളനത്തിൽ സമാദരണീ യനായ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതിയൻ കാതോലിക്ക ബാവ അവാർഡ് സമ്മാനിച്ചു. ഡോ. സിറിയക് തോമസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ചങ്ങനാശ്ശേരി അതിരൂപതാ ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയും ചെയ്തു.

2025 ലെ വാർഷിക വൈദിക സമ്മേളനം നവംബർ 25 മുതൽ 28 വരെ ചരൽക്കുന്നിൽ നടത്തപ്പെടുന്നു. 'നിഖ്യാ വിശ്വാസ പ്രമാണം: പ്രഖ്യാപനം, ചരിത്രം, സാക്ഷ്യം' എന്ന വിഷയത്തെ അധികരിച്ചാണ് ഈ വർഷത്തെ ചർച്ചകളും പഠനങ്ങളും കൂട്ടായ്മയും ക്രമീകരിച്ചിരിക്കുന്നത്. പട്ടക്കാരുടെ ദൗത്യ സാധ്യത കളും ആന്തരിക സംഘർഷങ്ങളും തിരിച്ചറിയുന്ന തിനും, കാലികമായ ഇടപെടലുകളിലൂടെ ദൈവ രാജ്യ ശുശ്രൂഷകൾ നിർവ്വഹിക്കുന്നതിന് ആവശ്യ മായ പരിജ്ഞാനവും സമർപ്പണവും ഉള്ളവരാകുന്ന തിനും വാർഷിക വൈദിക സമ്മേളനം മുഖാന്തിരമാ കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എല്ലാ പട്ടക്കാരുടെയും

സാന്നിദ്ധ്യവും പങ്കാളിത്തവും ആദ്യവസാനം അത്യന്താപേഷിതമാണ്.

നമ്മുടെ സീനിയർ വൈദീകരിലൊരാളായ റവ. സി. ഇ. തോമസ് അച്ചൻ താൻ പ്രിയം വെച്ച കർത്താവിന്റെ സന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ചെന്നൈ ചെട്പെട്ടിലുള്ള മദ്രാസ് മാർത്തോമ്മാ ഇടവകാംഗവും സഭയുടെ ഫിനാൻസ് എക്സ്പേർട്ട് കമ്മിറ്റിയിലും ലൈറ്റ് റ്റു ലൈഫ് ഗവേണിംഗ് ബോർഡിലും അംഗമായി പ്രവർത്തിച്ചു വന്നിരുന്ന ചാർട്ടേഡ് അക്കൗണ്ടന്റ് ശ്രീ. ഏബ്രഹാം സഖറിയ കർത്താവിൽ നിദ്രപ്രാപിച്ചു. സഭയുടെ സ്കൂൾസ് കോർപ്പറേറ്റ് മുൻ മാനേജരായിരുന്ന ശ്രീമതി സൂസമ്മ മാത്യു (കോഴഞ്ചേരി) നിര്യാതയായി. ഈ പ്രിയപ്പെട്ടവരിലൂടെ സഭയ്ക്കും സമൂഹത്തിനും ലഭിച്ച സേവനങ്ങളെ ഓർത്ത് ദൈവത്തെ സ്തുതിക്കാം. പരേതരരുടെ കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്ക് ചേരുകയും സഭയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

പ്രത്യാശ നൽകുന്ന വചന ചിന്തകളുടെ കാലമാണ് നവംബർ മാസം. നവംബർ 2 ഞായറാഴ്ച സഭാവത്സരത്തിന്റെ ആരംഭം (കൂദോസ് ഇത്തോ) ആണ്. കർത്താവിന്റെ പരസ്യ ശുശ്രൂഷയോടും അവിടുത്തെ രക്ഷാകര ഇടപെടലുകളോടും താദാത്മ്യപ്പെടുന്നതിനു സഭാമക്കൾക്കു അവസരം നൽകുന്ന രീതിയിലാണ് സഭാ പഞ്ചാംഗം ക്രമീകരിച്ചിരിക്കുന്നത്. സഭാവർഷത്തിലെ കാലങ്ങളും അവ ധ്യാനിക്കാൻ സഹായകരമായ വേദഭാഗങ്ങളും നമ്മുടെ ആരാധനാ ജീവിതത്തെ തികച്ചും സഹായിക്കും. പുതിയ സഭാ വർഷം അനുഗ്രഹീത സമർപ്പണങ്ങളിലൂടെ അമരത്വം കണ്ടെത്തുവാൻ ദൈവം കൃപ ചെയ്യട്ടെ.

നവംബർ രണ്ടാം തീയതി ഞായറാഴ്ച സണ്ടേസ്കൂൾ ദിനമായും വേർതിരിച്ചിരിക്കുന്നു. വിശന്നിരുന്ന പുരുഷാരത്തിനു ഭക്ഷണം നൽകുന്നതിന് തന്റെ കയ്യിൽ ഉണ്ടായിരുന്ന രണ്ടു മീനും അഞ്ചപ്പവും യേശുവിനെ ഏൽപ്പിച്ച ബാലകനാണ് സണ്ടേസ്കൂൾ ദിന ധ്യാനത്തിന്റെ ശ്രദ്ധാകേന്ദ്രം. വഴിയാഹാരം പൊതിഞ്ഞു നൽകിയ മാതാപിതാക്കളും, സാധ്യതയെ തിരിച്ചറിഞ്ഞ ശിഷ്യരും അത് നൽകിയ ബാലകനും അപ്പത്തെ വർദ്ധിപ്പിച്ച കർത്താവും നമ്മെ പ്രചോദിപ്പിക്കേണ്ടിയിരിക്കുന്നു. ദൈവരാജ്യത്തിന്റെ മഹാവിരുന്ന് സാധ്യമാക്കിത്തീർത്ത ഈ ഘടകങ്ങൾ ഇന്നും കർത്താവ് അന്വേഷിക്കുന്നുണ്ട്. നമ്മുടെ ഇളം തലമുറയെ ദൈവോന്മുഖമായി വളർത്തുവാൻ സണ്ടേസ്കൂൾ മുഖാന്തരമായിത്തീരട്ടെ.


നവംബർ ഒമ്പതാം തീയതി ഞായറാഴ്ച സി. എസ്. ഐ, സി. എൻ. ഐ – മാർത്തോമാ സഭകളുടെ ഐക്യ ആഘോഷത്തിന്റെ ദിവസമായി വേർതിരിച്ചിരിക്കുന്നു. പാശ്ചാത്യ-പൗരസ്ത്യ സഭാ പാരമ്പര്യങ്ങളാണ് ക്രിസ്തുവിലുള്ള ഐക്യത്തോടെ പ്രവർത്തിക്കുന്നത്. ഇന്ത്യയുടെ സാമൂഹിക പശ്ചാത്തലത്തിൽ ക്രൈസ്തവസഭകൾ ഐക്യത്തോടെ ദൗത്യ നിർവഹണ രംഗങ്ങളിൽ ഉൾച്ചേരേണ്ടതുണ്ട്. ഇടയശ്രേഷ്ഠനായ യേശുക്രിസ്തുവിന്റെ സ്വയം നൽകുന്ന മാതൃകയെ പിന്തുടരുന്നതിലൂടെ മാത്രമാണ് സത്യസുവിശേഷത്തിന് സാക്ഷികൾ ആകാൻ കഴിയുന്നത്. ദൈവഹിതപ്രകാരം, നഷ്ടബോധമില്ലാതെ, ദൈവരാജ്യത്തിന് വേണ്ടി ജീവൻ അർപ്പിക്കുന്ന സഭാമക്കളായി തീരുവാൻ നമുക്കും ഇടയാകട്ടെ.

നവംബർ പതിനാറാം തീയതി ആഗമന കാലത്തിന്റെ വരവറിയിച്ചുകൊണ്ട് സെഖര്യാവിനോടുള്ള അറിയിപ്പിനെ സഭ ധ്യാനിക്കുകയാണ്. വ്യക്തിപരമായ ദുഃഖങ്ങൾ ദൈവിക പ്രതിബദ്ധതയിൽ നിന്നും അവരെ അകറ്റിയില്ല. ഒരുക്കമുള്ളൊരു ജനത്തെ കർത്താവിനു വേണ്ടി ഒരുക്കുന്ന മഹത്തായ ശുശ്രൂഷ ചെയ്യുന്ന യോഹന്നാൻ സ്നാപകന്റെ മാതാപിതാക്കൾ ആകുവാൻ ദൈവം അവരെ തെരഞ്ഞെടുത്തു. വ്യക്തിപരമായ സന്തോഷം എന്നതിനേക്കാൾ ദൈവിക പദ്ധതികളുടെ സാക്ഷിയാകുവാൻ അവർക്ക് കഴിഞ്ഞു. ഈ കാലഘട്ടത്തിലും ദൈവത്തിന്റെ അത്ഭുത ഇടപെടലുകളുടെ ഉപകരണങ്ങൾ ആകുവാൻ ദൈവം വിശ്വസ്തരായവരെ അന്വേഷിക്കുന്നുണ്ട്.

നവംബർ ഇരുപത്തിമൂന്നാം തീയതി ഞായറാഴ്ച, കന്യകമറിയാമിനോടുള്ള അറിയിപ്പിനെ സഭ ധ്യാനിക്കുകയാണ്. തിരുവതാരത്തിന്റെ മർമ്മങ്ങളിൽ പങ്കാളിയാകാൻ ദൈവം പ്രത്യേകമായി തെരഞ്ഞെടുത്തവൾ ആയിരുന്നു കന്യക മറിയം. വ്യക്തിപരമായ പ്രതിസന്ധികളും ആശയ കുഴപ്പങ്ങളും വന്നുചേരാമെങ്കിലും ദൈവഹിതം തന്റെ ഹിതമാക്കിത്തീർക്കുന്നതിനുള്ള സമ്മതവും സമർപ്പണവും ആണ് കന്യക മറിയാമിനെ ദൈവപുത്രന്റെ മാതാവാക്കിതീർത്തത്. ദൈവഹിതം ഓരോ ജീവിതത്തിലും നിറവേറപ്പെടുമ്പോൾ ആണ് അവ ധന്യമായിത്തീരുന്നത്. അപ്രകാരമുള്ള സമർപ്പണത്തിന് ദൈവം നമുക്ക് എല്ലാവർക്കും കൃപ നൽകട്ടെ.

നവംബർ മുപ്പതാം തീയതി പരിശുദ്ധ കന്യക മറിയാമും യോഹന്നാൻ സ്നാപകന്റെ മാതാവായ എലിസബത്തും തമ്മിലുള്ള സമാഗമനത്തെയാണ് സഭ ധ്യാനിക്കുന്നത്. രണ്ടുപേരും അത്ഭുതകരമായ ദൈവീക സംവേദനങ്ങളുടെ സ്വീകർത്താക്കളായിരുന്നു. അവരുടെ ആളത്വങ്ങളിൽ ഭ്രമകരമായ ചലനങ്ങളാണ് ആ അരുളപ്പാടുകൾ ഉണ്ടാക്കിയത്. വിസ്മയനീയമായ ദൈവിക പ്രവർത്തനങ്ങൾക്ക് പരസ്പരം പ്രോത്സാഹിപ്പിക്കുന്നവരായി അവർ തീർന്നു. മനുഷ്യ സമാഗമനങ്ങൾ വിശുദ്ധിയുടെ സമാഗമനങ്ങളായി തീരുവാനുള്ള വെല്ലുവിളിയാണ് ഈ രണ്ട് മഹിളകളുടെ സമാഗമനം നമുക്ക് നൽകിത്തരുന്നത്.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.



പൂലാത്തീൻ
27.10.2025

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**